ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുവത്തൂർ മണ്ഡലത്തിൽ തുമ്പിൽപുറം സബ് വാട്ടർഷെഡ് വരുന്ന ഉപ്പൂട്ട്, ചെറുപൊയ്ക എന്നീ മൈക്രോ വാട്ടർഷെഡ് പദ്ധതികൾക്ക് നാഷണൽ വാട്ടർഷെഡ് ഡവലപ്മെന്റ് പ്രോജക്ട് ഫോർ റെയിൻഫെഡ് ഏരിയാസ് (എൻ.ഡബ്ല്യൂ.ഡി.പി.ആർ.എ.) 11-ാം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതികൾ രണ്ടും വെട്ടിക്കവല ബ്ലോക്കിനു കീഴിൽ പവിത്രേശ്വരം പഞ്ചായത്ത് പരിധിയിൽ വരുന്നവയാണ്. ഇതിൽ ഉപ്പൂട്ട് മൈക്രോ വാട്ടർഷെഡ് പദ്ധതിക്ക് 52.92 ലക്ഷം രൂപയും ചെറുപൊയ്ക വാട്ടർഷെഡ് പദ്ധതിക്ക് 81.64 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഉപ്പൂട്ട് മൈക്രോ വാട്ടർഷെഡിന് 2,19,325 രൂപയും ചെറുപൊയ്ക മൈക്രോ വാട്ടർഷെഡിന് 79,324 രൂപയും ചെലവഴിച്ചിട്ടുണ്ട്.

നെൽവയൽ സംരക്ഷണ നിയമമനുസരിച്ച് കാസർഗോഡ് ജില്ലയിൽ സർവ്വേ

253 (1224) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽവയൽ സംരക്ഷണ നിയമമനുസരിച്ചു കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിൽ സർവ്വേ നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ഡാറ്റാബാങ്ക് തയ്യാറാക്കാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ 38 പഞ്ചായത്തുകളിലും മുന്ന് മുനിസിപ്പാലിറ്റികളിലും സർവ്വേ നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ട്.

(ബി) എല്ലാ പഞ്ചായത്തുകളിലും ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്.

മടവീണ് കൃഷി നശിച്ച കുട്ടനാട്ടിലെ പാടശേഖരങ്ങൾക്ക് നഷ്ടപരിഹാരം

254 (1225) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ കാലവർഷത്തിലും വെള്ളപ്പൊക്കത്തിലും മടവീണ കുട്ടനാട്ടിലെ ഏതെല്ലാം പാടശേഖരങ്ങൾക്കാണ് നഷ്ടപരിഹാരം അനുവദിച്ചതെന്ന് വിശദമാക്കുമോ ;

(ബി) മടവീണ് കൃഷി നശിച്ച ഏതെല്ലാം പാടശേഖരങ്ങളിൽ കൃഷി പുനരാരംഭിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ?

LIBRARY KERALA LEGISLATIVE ASSEMBLY